മാറിയിരിക്കുകയാണ്. അത് ടൗൺഷിപ്പാക്കി മാറ്റാൻ കഴിയുമോ എന്നുള്ള കാര്യങ്ങൾ. വിശദമായി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനു വേണ്ടി ചീഫ് ടൗൺ പ്ലാനറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) കണ്ണൂർ ജില്ലയിലെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രി

ശ്രീ. സി. പി. മുസ്സാൻ കുട്ടി: സർ, കണ്ണൂർ ജില്ലയിൽ കഴിഞ്ഞ 6 കൊല്ലത്തിനുമുമ്പ് അംഗീകരിച്ചിട്ടുള്ള സ്ത്രീകളുടെയും, കുട്ടികളുടെയും ആശുപത്രിയ്ക്കുവേണ്ടി മങ്ങാട്ടുപറമ്പിൽ ഗവൺമെൻറിനുവേണ്ടി ഹെൽത്ത് ഡിപ്പാർട്ടുമെൻറ് സ്ഥലം എടുത്തിട്ടുണ്ട്. 6 കൊല്ലം കഴിഞ്ഞിട്ടും യാതൊരു പണിയും അവിടെ തുടങ്ങിയിട്ടില്ല. കണ്ണൂർ ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ട ചികിൽസ ലഭിക്കുന്നതിന് ഇപ്പോൾ യാതൊരു സൗകര്യവുമില്ല. അവിടത്തെ ജില്ലാ ആശുപത്രിതന്നെ ഭോഗികമായി പൊളിഞ്ഞുകൊണ്ടിരിക്കുകയാണ്. അതിന്റെ കോലായിൽകൂടി കടക്കാൻ സാധിക്കുന്നില്ല. അതേ യവസരത്തിൽ സ്ത്രീകളുടെയും, കുട്ടികളുടെയും ആശുപത്രിയ്ക്കുള്ള പ്ലാനും എസ്റ്റിമേറ്റും ഇവിടെ ഗവൺമെൻറിൽ എത്തിയിട്ടുണ്ട്. പല തവണ ഇക്കാര്യം ഞാൻ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി എസ്റ്റിമേറ്റും പ്ലാനും അംഗീകരിച്ച് വളരെ വേഗത്തിൽ ഇതിന്റെ ഭാവിപ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ:) സർ, ആശുപത്രിയ്ക്കു വേണ്ടി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിനുവേണ്ടി ഭൂമി പൊന്നുംവിലക്കെടുത്തുകഴിഞ്ഞു. ഇതിന്റെ ആവശ്യത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻവേണ്ടി പൊതുമരാമത്തുവകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്, അതുകൂടി കിട്ടിക്കഴിഞ്ഞാൽ അധികം താമസിക്കാതെ പണി തുടങ്ങുന്നതാണ്.

(3) നെയ്യാറിൻകര താലൂക്കിലെ ബസ് യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, കേരളത്തിൽ ആദ്യമായി 1961-ൽ ദേശസാൽക്കരിക്കപ്പെട്ടിട്ടുള്ള ഒരു മേഖലയാണ് നെയ്യാറിൻകര താലൂക്ക്. അവിടെ ഇന്ന് നിലവിലുള്ളത് 121 ബസ് ഷെഡ്യൂളുകളാണ്. അതിന് ആവശ്യമായി 149 ബസ്സുകൾ വേണം. ഇപ്പോൾ നെയ്യാറിൻകര സബ് ഡിവിഷനിൽ ഉള്ളത് 94 ബസ്സുകളാണ്. അതിൽ 30 എണ്ണവും കട്ടപ്പുറത്തിരിക്കുകയാണ്. ബാക്കിയുള്ളത് 64 ബസ്സുകളാണ്. കട്ടപ്പുറത്തു ഇരുപ്പുള്ളതിൽ 20 എണ്ണത്തിന് ടയറില്ലാത്ത ഒറ്റ കാരണംകൊണ്ട് ഓടാതിരിക്കുകയാണ്. ഇൻറർസ്റ്റേറ്റ് ബസ് സർവ്വീസ് 28 എണ്ണമുള്ളതിൽ എല്ലാംതന്നെ ഓടിത്തുടങ്ങിയാൽ വഴിയിൽ വീഴുന്നവയാണ്. ഒരു ഗുരുവായൂർ എക്സ്പ്രസുള്ളത് 4 ലക്ഷം കിലോമീറ്റർ ഓടിക്കഴിഞ്ഞതാണ്. ആളുകൾക്ക് വിശ്വസിച്ച് യാത്ര ചെയ്യാൻ നിവൃത്തിയില്ല. ജൂൺ മാസത്തിൽ ഒരു ദിവസം 1,25,000 രൂപ കളക്ഷൻ ഉണ്ടായിരുന്നത് ഈ മാസത്തിൽ 75,000 രൂപയായി കുറഞ്ഞിരിക്കയാണ്. ഇങ്ങനെ ബസ് സർവ്വീസ് ഇത്രയും

LIBRARY ARCHIVES Kerala Legislative Assembly

കാര്യക്ഷമതയില്ലാതായിവരുമ്പോഴും ഈ കേരള സംസ്ഥാനത്തിൽനിന്നും ഒരാളെ ലണ്ടനിലേക്ക് പഠിക്കാൻ അയച്ചിരിക്കുകയാണ്. ബസ് സർവ്വീസിന്റെ കാര്യക്ഷമതയെക്കുറിച്ച് പഠിക്കാൻ. അങ്ങനെ പഠിക്കണമെന്നുണ്ടെങ്കിൽ അടുത്ത സംസ്ഥാനമായ തമിഴ് നാട്ടിലെ പാൻതാലുമുട്ടിലോ നാഗർകോവിലിലോ പോയി പഠിച്ചാൽ മതിയാകുമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ജനങ്ങളെ അപമാനിക്കുകയാണ്. ഏതൊരു സാഹചര്യത്തിലും എന്തും സംഭവിക്കാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് വേണ്ട നടപടികളും സ്വീകരിക്കണം. എന്നാണ് അപേക്ഷിക്കുകയാണ്.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, നെയ്യാറിൻകര താലൂക്കിലും പരിസരപ്രദേശങ്ങളിലും യാത്രാപ്രശ്നം പരിഹരിക്കുന്നതിന് എല്ലാ കാലത്തും പ്രത്യേക പരിഗണന കൊടുത്തിട്ടുണ്ട്. അവിടെ ആകെ 350 ഷെഡ്യൂളുകളുണ്ട്, നെയ്യാറിൻകര, പാറശ്ശാല, പൂവാർ, കാട്ടാക്കട, വിഴിഞ്ഞം എന്നീ ഡിപ്പോകളുമായി ബന്ധപ്പെടുത്തിയിട്ടുള്ളത് ആകെ 322 ഷെഡ്യൂളുകളാണ്. അതിൽ 112 എണ്ണം ഏതാണ്ട് ടയറുകളുടെയും സ്പെയർ പാർട്ടുകളുടെയും കുറവുകൊണ്ട് ഓടാതെ കിടക്കുന്നുണ്ട്. എത്രയും വേഗം അത് ലഭ്യമാക്കി ഷെഡ്യൂളുകളും നടത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. 3 ലക്ഷം കിലോമീറ്ററിൽ കൂടുതൽ ഓടിയിട്ടുള്ള എക്സ്പ്രസ് ബസ്സുകളും റീപ്ലെയ്സ് ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

(4) നെടുങ്കുന്നം ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിടം

ശ്രീ. കാനം രാജേന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ നെടുങ്കുന്നം ഗവൺമെന്റ് ഹൈസ്കൂളിലെ ഒരു കെട്ടിടം ചുഴലിക്കാറ്റുമൂലം നശിച്ചിട്ട് ഒരു വർഷമായി. ആ കെട്ടിടത്തിൽ ഉണ്ടായിരുന്ന 5 ഡിവിഷനുകളും ഇപ്പോൾ മാറിയിരിക്കയാണ്. അതുകൊണ്ട് ആ കെട്ടിടം അടിയന്തിരമായി പുതുക്കി നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇതിനുള്ള മറുപടി നാളെ പറയാം.

(5) ഗാന്ധിജി യൂണിവേഴ്സിറ്റി

ശ്രീ. കെ. സി. ജോസഫ്: സർ, വളരെ ഗൗരവമുള്ള ഒരു പ്രശ്നത്തെപ്പറ്റിയാണ് എനിക്ക് പറയുവാനുള്ളത്. ഇന്നലെ പാർലമെന്റിൽ ചോദ്യോത്തരവേളയിൽ ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് ഗ്രാന്റ് കിട്ടുന്നതിന് അർഹതയില്ലെന്ന് കേന്ദ്രവിദ്യാഭ്യാസവകുപ്പുമന്ത്രി പ്രസ്താവിച്ചതായി വായിക്കാനിടയായി. ഈ സഭയിൽ പലതവണ ഞാൻ ഉന്നയിച്ച കാര്യമാണിത്. ഗാന്ധിജി യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ട് മൂന്നു കൊല്ലം കഴിഞ്ഞു. ഇതുവരെ അതിന് യു. ജി. സി. അംഗീകാരം ലഭിച്ചിട്ടില്ല. സ്ഥലമെടുപ്പുപോലും പൂർത്തിയായിട്ടില്ല. ഇപ്പോൾ ഒരു ഷോപ്പിംഗ് കോംപ്ലക്സിലാണ് യൂണിവേഴ്സിറ്റി പ്രവർത്തിക്കുന്നത്. പ്രതിമാസം 37,000 രൂപ വാടകയിനത്തിൽ കൊടുക്കുന്നു. ഇത്രയുംകാലമായിട്ടും യു.ജി.സി. അംഗീകാരം ലഭിക്കാത്തതുമൂലം

10 A.M]

LIBRARY ARCHIVES Kerala Legislative Assembly